വകുപ്പുമന്ത്രി 5-12-2014-ൽ കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിയെ നേരിൽകണ്ട് അഭ്യർത്ഥിക്കുകയും തിരികെ എത്തിക്കണമെന്ന ആവശ്യം ഉന്നയിച്ച 87 മലയാളി നഴ്സുമാരുടെ ലിസ്റ്റ് കൈമാറുകയും ചെയ്തതനുസരിച്ച് ഇവരെ കേന്ദ്ര സർക്കാരിന്റെ ചെലവിൽ നാട്ടിൽ എത്തുക്കുമെന്ന് കേന്ദ്ര വിദേശകാര്യമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടുങ്ങിക്കിടക്കുന്ന കേരളീയരെ നാട്ടിലെത്തിക്കുവാൻ എംബസി അധികൃതർ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസികൾക്ക് നോർക്കയിൽനിന്നും ലഭിക്കുന്ന ധനസഹായം

77 (3361) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസികളെ വിദേശത്ത് വച്ചുള്ള മരണം, അപകടം, രോഗം എന്നിവയ്ക്ക് ഇപ്പോൾ എന്തെല്ലാം ധനസഹായമാണ് നോർക്കയിൽ നിന്നും മറ്റ് സർക്കാർ സംവിധാനത്തിൽ നിന്നും ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) മരണപ്പെട്ട പ്രവാസികളുടെ മൃദദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനും അവർക്ക് നഷ്ടപരിഹാരങ്ങൾ വാങ്ങിനൽകുന്നതിനും പ്രത്യേക ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ ?

ഉത്തരം.

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികൾ വിദേശത്ത് വച്ച് മരണപ്പെടുന്ന സാഹചര്യത്തിൽ മരണാനന്തര ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയായ 'സാന്ത്വന' പദ്ധതിയിൽ അനുവദിച്ചുവരുന്നു. അതിനോടൊപ്പം പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ചികിത്സാ ധനസഹായം, മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം എന്നിവയും നൽകി വരുന്നു. ഇതിനുപുറമെ വിദേശ രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസികളുടെ ഭൗതികദേഹം നാട്ടിലെത്തിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി 'കാരുണ്യം' എന്ന പദ്ധതി പ്രകാരം 50,000 രൂപവരെ നൽകിവരുന്നു. പ്രവാസി തിരിച്ചറിയൽ കാർഡ് നേടിയിട്ടുള്ളവർക്ക് അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മരണാനന്തര സഹായം 20,000 രൂപയിൽനിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇനിയും വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

പ്രവാസികൾക്കായി വായ്പ പദ്ധതി

78 (3362) ശ്രീ. കെ. എൻ. എ. ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോലി നഷ്ടപ്പെട്ടും മറ്റും വിദേശത്തു നിന്നും തിരിച്ചെത്തുന്ന പ്രവാസികൾക്കായി എന്തെങ്കിലും വായ്പാ പദ്ധതി സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സംരംഭങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത് ;

(സി) ഇപ്രകാരമുള്ള പ്രവാസികളുടെ പെൺമക്കളുടെ വിവാഹം, മക്കളുടെ വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കുകൂടി വായ്പ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഇത്തരം വായ്പകൾക്ക് സബ്സിഡി നൽകുന്ന കാര്യം കൂടി സർക്കാർ പരിഗണിയ്ക്കുമോ ?

ഉത്തരം

(എ&ബി) തിരികെയെത്തിയ പ്രവാസി മലയാളികൾക്ക് വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. താഴെപ്പറയുന്ന മേഖലകളിലാണ് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകിവരുന്നത്:

LIBRARY ARCHIVES Kerala Legislative Assembly